LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിലാണ് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്ട്രിങ്കിംഗ് വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറിക്കായി (കെ.ഐ.റ്റി.സി.ഒ.) കേരള ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മുന്നൂപ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും രണ്ടുതവണ പ്രവൃത്തി പരിചയം, മതിയായ രേഖകൾ എന്നിവയുടെ അഭാവത്താലും ഒരു തവണ സ്വകാര്യ കമ്പനിയിൽ നിന്നും ഉയർന്ന നിരക്കിൽ ഒരു ഓഫർ മാത്രം ലഭിച്ചതുകൊണ്ടും പ്രസ്തുത ടെണ്ടറുകൾ അതോറിറ്റി റദ്ദു ചെയ്യുകയും റീടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി.) ഡാറ്റ പ്രകാരം സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് & മെഷീനറി എന്നിങ്ങനെ മൂന്നായി വിഭജിച്ച് പുതുതായി ദർഘാസ് ക്ഷണിക്കുന്നതിന് അതോറിറ്റി നിർദ്ദേശം നൽകുകയും അതനുസരിച്ച് മൂന്നു ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇലക്ട്രിക്കലിന്റെയും പ്ലാന്റ് & മെഷീനറിയുടെയും ടെണ്ടറുകൾ പരിശോധനയിലാണ്. സിവിൽ വർക്കിന്റെ റീടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമാർക്കറ്റിൽ കുപ്പിവെള്ളത്തിന് ലിറ്ററിന് 15 രൂപ മുതൽ 20 രൂപ വരെയാണ് നിലവിലുള്ളത്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഉല്പാദനം ആരംഭിക്കുമ്പോൾ മാത്രമേ വില നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ.

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

191 (3626) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ് ; ഉത്തരവുകൾ സഹിതം വ്യക്തമാക്കുമോ ;

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ മണ്ഡലത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ ഉത്തരവുകളുടെ പകർപ്പും ലഭ്യമാ ക്കുമോ ;

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരി ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതിയാണ് ചെറിയനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി. കൂടാതെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജില്ലാ കളക്ടറുടെ എസ്.സി.പി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ ഫണ്ട് എന്നിവയിൽപ്പെടുത്തി 22 പ്രവൃത്തികൾ 34.08 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ താഴെ പറയുന്ന പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു.

1. മുളക്കുഴ & വെണ്മണി പഞ്ചായത്തിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
2. മാന്നാർ & കുരുട്ടുശ്ശേരിയിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
3. ആല, പുലിയൂർ, ബുധനൂർ & പാണ്ടനാട് പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

ഇവയുടെ ഉത്തരവുകൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 2014-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ 14.84 ലക്ഷം രൂപയുടെ ഏഴ് പ്രവൃത്തികളുടെ പണിയും ദ്രുതഗതിയിൽ പൂർത്തീ കരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈനിലെയും പമ്പ് ഹൗസിലെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ മുളക്കുഴ, വെണ്മണി, മാന്നാർ, ചെന്നിത്തല, തൃപ്പെരുന്തറ, ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, ചെറിയനാട് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ തിരുവണ്ണൂർ പഞ്ചായത്ത്, മാന്നാർ (ഭാഗീകം) എന്നീ സ്ഥലങ്ങളിൽ തിരുവല്ല-കല്ലിശ്ശേരി കുടിവെള്ള പദ്ധതി വഴിയും ശുദ്ധജല ലഭ്യത ഉറപ്പാക്കാവുന്നതാണ്. ഇതിനുപുറമേ 2015-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തുന്നതിനായി 18.28 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം

192 (3627) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വിതരണം നടത്തുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഉണ്ടെങ്കിൽ പരിശോധനയിൽ എന്തെല്ലാം കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അനുവദനീയ അളവിൽ കൂടുതൽ ഇരുമ്പ് കലർന്ന വെള്ളം ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നതിനാൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽവന്നിരുന്നു. പ്രശ്നം പരിഹരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly